# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAEKM(BP)955/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 11/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ), എറണാകുളം
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAEKM(BP)955/22 തീയ്യതി: 11/07/2022

## എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-02-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ.കെ.ജി | ജോയിന്റ് ഡയറക്ടർ | 18-05-2022 | 28-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-05-2022 | 28-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ ജോഷി.കെ.കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീദേവി.കെ.നമ്പൂതിരി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുജ.പി.ആർ | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 01-04-2019 | 23-06-2019 |
| ശ്രീമതി അനിത വിജയൻ | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 24-06-2019 | 31-03-2020 |
| ശ്രീമതി മറിയം ബീവി | സി.ഡി.പി.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി സലിത.എസ്.വി. | എസ്.സി.ഡി.ഒ | 01-04-2019 | 31-03-2020 |
| ശ്രീ ജെറിൻ.എൻ.വി. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫിസർ | 01-04-2019 | 31-03-2020 |
| ഡോ ശ്രീകുമാരി.ബി.എസ് | മെഡിക്കൽ ഓഫിസർ ,സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീ പ്രതാപൻ.പി.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ | 01-04-2019 | 31-07-2019 |
| ശ്രീമതി ദേവിശ്രീ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ | 01-08-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക - അപാകതകൾ<br>Written By: TINU K.J. (Auditor, On 28-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-10 |
| 12 | രസീത് പരിശോധന - അപാകതകൾ<br>Written By: TINU K.J. (Auditor, On 28-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-11 |
| 13 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതി- മരുന്ന് ലഭ്യമായിട്ടില്ല.<br>Written By: Betsy C.X (Auditor, On 28-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-12 |
| 14 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതി- ചെലവ് രേഖകൾ ഹാജരാക്കിയില്ല.<br>Written By: Betsy C.X (Auditor, On 28-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-13 |
| 15 | സംയുക്ത പ്രൊജക്ട് പൊതുവായ അപാകതകൾ<br>Written By: T.O.Polly (Audit Officer, On 28-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-14 |
| 16 | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. ഞാറയ്ക്കൽ – വാഹനവാടകയിനത്തിൽ നൽകിയ തുകയിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. | 1-15 |

| | | |
|---|---|---|
| | Written By: Betsy C.X (Auditor, On 28-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | |
| 17 | കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച്.<br>Written By: Dheeraj J (Audit Officer, On 02-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-16 |
| 18 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Dheeraj J (Audit Officer, On 02-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-17 |
| 19 | ലൈഫ് ഭവന പദ്ധതി -അധിക വിഹിതം - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Dheeraj J (Audit Officer, On 02-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 1-18 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 4-7 |
| 8 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N.M.Sajeev (Asst. Audit Officer, On 31-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.O.Polly (Audit Officer, On 27-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-07-2022) | 4-11 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 20.02.2019 ലെ 01-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 10.03.2020 ലെ 1(2) നമ്പർ തീരുമാന പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | റസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ |
|---|---|---|
| മുന്നിരിപ്പ് | 1682477 | 2,77,20,680 |
| വരവ് | 3,49,89,395 | 3,28,79,802 |
| ആകെ | 3,66,71,872 | 6,06,00,482 |
| ചെലവ് | 3,46,68,991 | 3,22,20,982 |
| നീക്കിയിരിപ്പ് | 20,02,881 | 2,83,79,500 |

ബജറ്റ് കണക്കുകളും വാർഷിക ധനകാര്യപത്രികയിലെ കണക്കുകളും തമ്മിൽ വ്യത്യാസമുണ്ട്. വാർഷിക കണക്കുകൾ വലിയ അന്തരമില്ലാതെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 29-04-2020 |

### 1-2-1 വാർഷിക ധനകാര്യപത്രിക - അപാകതകൾ

1) ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂളിലെ ഹെഡ് നമ്പർ - 320200309 - Literacy Scheme Grant പ്രകാരം തൻവർഷവും മുൻവർഷവും 45321/-രൂപ നീക്കിയിരിപ്പുണ്ട്. ഈ ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചത് പ്രകാരം 31-3-2017 ൽ ആണ് അവസാനമായി ട്രാൻസാക്ഷൻ നടന്നതെന്ന് ബോധ്യപ്പെട്ടു. അതിന് ശേഷം നാളിതു വരെയും തുക ചെലവാക്കിയിട്ടില്ല. ഗ്രാന്റ് പ്രകാരമുള്ള പദ്ധതിക്ക് തുക ചെലവാക്കിയില്ല എങ്കിൽ ബന്ധപ്പെട്ട ഹെഡിലേക്ക് തുക തിരിച്ചടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) താഴെ ചേർത്ത ബാങ്ക് അക്കൌണ്ടുകളിൽ നീക്കിയിരിപ്പ് ഉണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

| ക്രമ നമ്പർ | ബാങ്ക്/ അക്കൌണ്ട് നമ്പർ | ഇനം | മുന്നിരിപ്പ് | വരവ് | പിൻവലിച്ചത് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | യൂണിയൻ ബാങ്ക് എടവനക്കാട്/ 343202010010650 | MGNREGS | 3804 | 682743 | 580853 | 105694 |
| 2 | യൂണിയൻ ബാങ്ക് മാലിപ്പുറം/ 343202010018931 | MGNREGS Training | 650 | 183508 | 183420 | 738 |
| 3 | എസ് ബി ഐ നായരമ്പലം/ 57033137683 | MPLADS | 38815 | 2829798 | 2311242 | 557371 |

മേൽ അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(8/27-5-2022)നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 2,77,20,680 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 3,28,79,802 |
| ആകെ | | 60,600,482 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 3,22,20,982 |
| നീക്കിയിരിപ്പ് | | 2,83,79,500 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3528471 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,77,44,000 | 2,77,44,000 | 1,40,81,267 | 1,36,62,733 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,45,74,000 | 1,45,74,000 | 1,10,94,969 | 34,79,031 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2,16,900 | 2,16,900 | 0 | 2,16,900 | 0 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 36,30,000 | 36,30,000 | 3,87,692 | 32,42,308 | 0 |
| TSC | 616248 | 13664 | 629912 | 324000 | 0 | 305912 |
| ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം | 1,20,697 | 54,213 | 1,74,910 | 5002 | 1,69,908 | |
| സാക്ഷരത | 45321 | 0 | 45321 | 0 | 45321 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 72 | 4,83,30,590 | 40 | 2,55,63,928 | 26 | 14 | 32 | 36% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.05.2022ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഒന്നുമില്ലെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. മാനവൽ റസീപ്റ്റ് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.
4.തനത് ഫണ്ട് പദ്ധതി ചെലവുകൾ സുലേഖയിൽ ഉൾപ്പെടുന്നില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.03.2021 മുതൽ 17.03.2021 വരെ | 2019-20 | 09-07-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.11.2019 മുതൽ 21.11.2019 വരെ | 2014-15 മുതൽ 2018-19വരെ | 16.12.2019 |

1-11 രസീത് പരിശോധന - അപാകതകൾ

രസീത് പരിശോധന സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) സാംഖ്യാ രസീത് സ്റ്റേഷനറിയിൽ കമ്പ്യൂട്ടർ ജനറേറ്റഡ് പ്രിന്റ് പതിപ്പിച്ച സാംഖ്യാ രസീത് നൽകാതെ പേന ഉപയോഗിച്ച് എഴുതി സാംഖ്യാ രസീത് നൽകുന്നു. ഡേബുക്കിൽ ഈ വിവരങ്ങൾ വന്നിട്ടുണ്ടെങ്കിലും ഈ രസീത് മുഖേന മേൽ തുകകൾ തന്നെയാണ് പിരിച്ചത് എന്ന് വ്യക്തമല്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത് നമ്പർ/ തീയതി | സ്റ്റേഷനറി നമ്പർ | തുക അടവാക്കിയ വ്യക്തി | ഇനം | തുക |
|---|---|---|---|---|---|
| 1 | 119070100009/ 2-8-2019 | 0357727 | ഷാജി ആർ | Sale Of Scrap | 19470 |
| 2 | 119070100015/ 18-10-2019 | 0357734 | M/S റോയൽ കുടുംബശ്രീ | Rent On Buildings /Stalls | 3332 |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(1/25-5-2022)മറുപടി ലഭ്യമായില്ല. രസീതുകളിൽ തെറ്റായ രേഖപ്പെടുത്തലുകളോ പ്രിന്റർ തകരാറോ മൂലമുള്ള തെറ്റുകളോ വന്നാൽ അവ റദ്ദ് ചെയ്ത് അടുത്ത രസീത് നൽകേണ്ടതാണ്.

2) Cancelled Receipts Report പ്രകാരം 9-10-2019 ലെ 55443/-രൂപയുടെ 119031100001 നമ്പർ സാംഖ്യാ രസീത് റദ്ദ് ചെയ്യപ്പെട്ടതാണ്. എന്നാൽ ഈ സാംഖ്യാരസീത് പരിശോധനക്ക് ലഭ്യമായില്ല. ഈ തുക ഏത് വരവായിരുന്നെന്നും, ക്യാൻസൽ ചെയ്തതിന് കാരണമെന്തെന്നും പിന്നീട് ഈ തുക വരവ് വന്നിട്ടുണ്ടോ എന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (1/25-5-2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല.

3) അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ഞാറക്കൽ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് എന്നിവർ ഉപയോഗിച്ച 100 കയ്യെഴുത്ത് രസീതുകൾ വീതമടങ്ങിയ യഥാക്രമം 822,821 നമ്പർ കയ്യെഴുത്ത് രസീത് ബുക്കുകൾ പരിശോധനക്ക് ലഭ്യമായി. കയ്യെഴുത്ത് രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമായില്ല. കയ്യെഴുത്ത് രസീത് ബുക്കുകൾ എവിടെ നിന്ന് എത്ര എണ്ണം ലഭിച്ചെന്നോ,എത്ര എണ്ണം ഇഷ്യൂ ചെയ്തെന്നോ നീക്കിയിരിപ്പ് എത്ര ഉണ്ടെന്നോ തെളിയിക്കുന്ന രേഖകൾ ലഭ്യമായില്ല. ഇത് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (1/25-5-2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ലഭിച്ച കയ്യെഴുത്ത് രസീത്ബുക്കുകൾ മാത്രം

ഉപയോഗിക്കേണ്ടതും അവയുടെ മുന്നിരിപ്പ്,വരവ്,ഇഷ്യൂ,നീക്കിയിരിപ്പ് വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

1-12 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതി- മരുന്ന് ലഭ്യമായിട്ടില്ല.

(I)

| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ |
|---|---|
| പ്രോജക്ട് നം. | 56/19-20 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ഞാറയ്ക്കൽ. |
| ബിൽ നം. | 46/10.10.2019 |
| ആകെ പദ്ധതി അടങ്കൽ | 2,00,000/-രൂപ(വികസന ഫണ്ട്) |
| ആകെ പദ്ധതി ചെലവ് | 2,00,000/- രൂപ |

4,872/-രൂപയുടെ മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല(പ്രഫോർമ ഇൻവോയ്സ് നം. PRF1459/04.10.2019(Rs.50000/-). മരുന്ന് മുഴുവൻ ലഭ്യമാകുമ്പോൾ, പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ, ഇൻവോയ്സ് സഹിതം ഹാജരാക്കുന്നത് വരെ 4872/-രൂപ തടസ്സപ്പെടുത്തുന്നു.

(II)

| പ്രോജക്ടിന്റെ പേര് | വനിത പാലിയേറ്റീവ് ഡയാലിസിസ്, ക്യാൻസർ രോഗികൾക്ക്,മരുന്ന്,ഉപകരണങ്ങൾ എന്നിവ വാങ്ങൽ. |
|---|---|
| പ്രോജക്ട് നം. | 115/19-20 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ഞാറയ്ക്കൽ. |
| ബിൽ നം. | 188/13.03.20 |
| ആകെ പദ്ധതി അടങ്കൽ | 3,80,000/-രൂപ (വികസന ഫണ്ട്) |
| ആകെ പദ്ധതി ചെലവ് | 3,80,000/-രൂപ |

2,36,141/-രൂപയുടെ മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല(പ്രഫോർമ ഇൻവോയ്സ് നം. PRF5211/12.03.20). മരുന്ന് മുഴുവൻ ലഭ്യമാകുമ്പോൾ, പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ, ഇൻവോയ്സ് സഹിതം ഹാജരാക്കുന്നത് വരെ 2,36,141/-രൂപ തടസ്സപ്പെടുത്തുന്നു.

1-13 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതി- ചെലവ് രേഖകൾ ഹാജരാക്കിയില്ല.

| പ്രോജക്ടിന്റെ പേര് | ഗവൺമെന്റ് ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്. |
|---|---|
| പ്രോജക്ട് നം. | 72/19-20 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി./പി.എച്ച്.സി, ഞാറയ്ക്കൽ. |
| ആകെ പദ്ധതി അടങ്കൽ | 4,00,000-രൂപ (തനത് ഫണ്ട്) |

| | |
|---|---|
| ആകെ പദ്ധതി ചെലവ് | 399253/- രൂപ |

സ.ഉ.(കൈ)നം.22/2018 തസ്വഭവ, തീയതി 14.02.2018 പ്രകാരം, പ്രോജക്ടിനായി അനുവദിച്ച തുകയുടെ ഉപയോഗസാക്ഷ്യപത്രം തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും, ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ, സ്ഥാപന മേധാവികൾ തന്നെ സൂക്ഷിക്കേണ്ടതും, ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. എന്നാൽ ഇവ ഓഡിറ്റിനായി ഹാജരാക്കിയില്ല. ഇതിനോടനുബന്ധിച്ച് കൊടുത്ത ഓഡിറ്റ് എൻക്വയറിക്ക് (നം.4/26.05.2022 )മറുപടിയായി, ചെലവ് രേഖകൾ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തോഫീസിലേക്ക് കൈമാറിയിട്ടുണ്ടെന്ന വിശദീകരണം തന്നതല്ലാതെ ചെലവ് രേഖകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല. ഉപയോഗസാക്ഷ്യപത്രവും ചെലവ് രേഖകളും ഓഡിറ്റിനായി ഹാജരാക്കുന്നത് വരെ ചെലവ് തുക 3,99,253/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-14 സംയുക്ത പ്രൊജക്ട് പൊതുവായ അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ ഭൂരിപക്ഷം പ്രവൃത്തികളും മറ്റ് പഞ്ചായത്തുകളുമായുള്ള സംയുക്ത പ്രൊജക്ടുകളാണ്. തൻവർഷത്തെ(2019-20)ആകെയുള്ള 22 പ്രൊജക്ടുകളിൽ 10 പ്രൊജക്ടുകളും സംയുക്ത പ്രൊജക്ടുകളാണ്. ഇതിൽ എത്ര വലിയ പ്രൊജക്ടുകളായാലും മറ്റ് പഞ്ചായത്ത് വിഹിതം കേവലം 1,000/-മാത്രമാണ്. എന്നാൽ പ്രവൃത്തിയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം മാത്രമാണ് ചെലവ് വരുന്നത്. ഗ്രാമപഞ്ചായത്ത് വിഹിതം ചെലവാകുന്നില്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ എല്ലാം നടപ്പിലാക്കുന്നത് ഗ്രാമപഞ്ചായത്ത് ആണ്. ഇതിന്റെ ഫയലുകൾ സൂക്ഷിക്കുന്നതും പ്രവൃത്തി പരിശോധിക്കുന്നതും മെഷർമെന്റ് എടുക്കുന്നതും ഗ്രാമപഞ്ചായത്ത് ആണ്. ഈ പ്രവൃത്തി സംബന്ധിച്ച് ഒരു പരിശോധനയോ മോണിറ്ററിംഗോ ബ്ലോക്ക് പഞ്ചായത്ത് ചെയ്യുന്നില്ല. അതായത് പ്രവൃത്തിയുടെ ചെലവ് മുഴുവൻ ബ്ലോക്ക് പഞ്ചായത്ത് ചെയ്തിട്ടും ഇതിന്റെ ഒരു വിവരവും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ല. ഇപ്രകാരം സംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന്റെ കാരണവും വ്യക്തമല്ല. ഇത് സംബന്ധിച്ച് 25.05.22 ൽ 4 ാം നമ്പരായി നൽകിയ എൻക്വയറിയ്ക്ക് മറുപടിയായി ഏഷ്യയിലെ തന്നെ ഏറ്റവും ജനസാന്ദ്രതയേറിയ വൈപ്പിൻ കരയിൽ 6 മീറ്റർ വീതിയുള്ള റോഡുകൾ ഉൾപ്പെടുന്നില്ലായെന്നും പദ്ധതി മാർഗ്ഗരേഖ പ്രകാരം 6 മീറ്ററിൽ അധികം ഉള്ള റോഡുകൾ മാത്രമേ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് റോഡ് നിർമ്മാണവും മെയിന്റനൻസും പ്രവൃത്തികൾ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ സംയുക്ത പ്രൊജക്ടായി ചെയ്യുന്നത്. ഈ പ്രവൃത്തികൾ ബ്ലോക്കിലെ മോണിറ്ററിംഗ് സമിതി പരിശോധിക്കുകയും ഇത് മനസ്സിലാക്കുന്നതിനു വേണ്ടി റോഡരികിൽ ബോർഡ് സ്ഥാപിക്കുകയും ചെയ്യുന്നുണ്ടെന്നും സുലേഖ പ്രൊജക്ടിനോടൊപ്പം ട്രഷറിയിൽ കൊടുക്കുന്ന ബിൽ കോപ്പിയുടെ പകർപ്പ്, ബിൽ പാസായശേഷമുള്ള Paid Bill Status, Utilisation Certificate എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട് എന്നും വ്യക്തമാക്കി. മറുപടി തൃപ്തികരമല്ല. ഭൂരിപക്ഷം പഞ്ചായത്തുകൾക്കും ലഭിക്കുന്ന പദ്ധതി അലോട്ട്മെന്റുകൾ പൂർണ്ണമായി അതാത് പഞ്ചായത്തുകൾക്ക് തന്നെ വിനിയോഗിക്കുവാൻ കഴിയാതെ ലാപ്സാകുകയാണ് ചെയ്യുന്നത്. പഞ്ചായത്തുകൾക്ക് ലഭിക്കുന്ന അലോട്ട്മെന്റ് മുഴുവൻ അവർക്ക് തന്നെ ഉപയോഗിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന ഗ്രാന്റുകളിൽ നിന്നും ഭൂരിഭാഗം തുകയും മറ്റ് പഞ്ചായത്തുകൾക്ക് നൽകുന്നത് പരിശോധിക്കേണ്ടതാണ്. ലഭിക്കുന്ന ഗ്രാന്റുകൾ കൂടുതൽ ഭാഗവും ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികൾക്ക് ഉപയോഗിക്കാവുന്നതാണ്.

## 1-15 മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. ഞാറയ്ക്കൽ - വാഹനവാടകയിനത്തിൽ നൽകിയ തുകയിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സെക്കന്ററി പാലിയേറ്റീവ് കെയർ |
| പ്രോജക്ട് നം. | 50/19-20 |
| പ്രോജക്ട് നടപ്പിലാക്കിയ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി./പി.എച്ച്.സി, |

| | |
|---|---|
| ഉദ്യോഗസ്ഥൻ | ഞാറയ്ക്കൽ. |
| ആകെ പദ്ധതി അടങ്കൽ | 5,10,000/-രൂപ, വികസന ഫണ്ട്. |
| ആകെ പദ്ധതി ചെലവ് | 5,08,813/- രൂപ |
| ബിൽ നം./തീയതി | നൽകിയ തുക |
| 1) 7/24.05.2019 | 3710.00 |
| 2) 10/18.06.2019 | 15600.00 |
| 3) 13/10.07.2019 | 15600.00 |
| 4) 19/12.08.2019 | 16900.00 |
| 5) 40/19.09.2019 | 22100.00 |
| 6) 49/15.10.2019 | 18200.00 |
| 7)73/05.11.2019 | 20800.00 |
| 8)93/09.12.2019 | 19500.00 |
| 9) 121/07.01.2019 | 20800.00 |
| 10) 150/15.02.2020 | 22100.00 |
| 11)168/04.03.2020 | 20800.00 |
| 12) 216/23.03.2020 | 19500.00 |

പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവന സന്ദർശനം നടത്തുന്നതിനായി KL07AW4198 വാഹനം ഉപയോഗിച്ച വകയിൽ ശ്രീ. വിനീഷ് എ.വി.ക്ക് വാഹന വാടകയിനത്തിൽ ആകെ 2,15,610/-രൂപ നൽകിയിട്ടുണ്ട്. ആദായനികുതി നിയമത്തിലെ 194C വകുപ്പ് പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതൽ നൽകുന്ന കോൺട്രാക്ടുകളിൽ നിന്ന് 1% ആദായ നികുതി ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-16 കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച്.

പദ്ധതി നം: 85/19-20

പദ്ധതി: കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ വാർഡ് മൂന്നിൽ പട്ടികജാതി കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ.

നിർവ്വഹണം. സെക്രട്ടറി.

അടങ്കൽ : 300000/-

ചെലവ് : 193655/-

മേൽ പദ്ധതി പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് ഫർണിച്ചറും മറ്റ് സാധനങ്ങളും ഓർഡർ നൽകുകയും 18.3.2020 – ന് സാധനങ്ങൾ ലഭ്യമാവുകയും ചെയ്തിരുന്നു. വിതരണക്കാർക്കുള്ള ചെലവിന്റെ 4 ബില്ലുകൾ തൻവർഷവും ഒരു ബിൽ 20-21 ലുമാണ് നൽകിയിട്ടുള്ളത്. എന്നാൽ പദ്ധതി വിഭാവനം ചെയ്ത പ്രകാരം വാർഡ് മൂന്നിലെ പട്ടികജാതി കമ്മ്യൂണിറ്റി ഹാളിലേക്ക് സാധനങ്ങൾ കൈമാറിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം മറ്റ് രണ്ട് സ്ഥാപനങ്ങൾക്കാണ് സാധനങ്ങൾ കൈമാറിയത്. (നായരമ്പലം ഗ്രാമ പഞ്ചായത്തിലെ നെടുമങ്ങാട് പുലയ സംഘത്തിനും എടവനക്കാട്ടെ അഖില വൈപ്പിൻ പുലയ വംശോധാരണി സഭക്കും). എന്നാൽ അപ്രകാരം മറ്റ് സ്ഥാപനങ്ങൾക്ക് കൈമാറാനുണ്ടായ സാഹചര്യവും ഫയലിൽ നിന്നും വ്യക്തമല്ല. പദ്ധതി മാർഗ്ഗരേഖയിൽ ഇത്തരം സംഘങ്ങൾക്ക് ആനുകൂല്യം കൈമാറാൻ വ്യവസ്ഥയില്ല. പ്രസ്തുത സ്ഥാപനങ്ങളെ മാത്രം തെരഞ്ഞെടുത്തതിന്റെ മാനദണ്ഡവും വ്യക്തമല്ല. കൈമാറിയ സ്ഥാപനങ്ങളുടെ അപേക്ഷയോ സ്ഥാപനത്തിന്റെ പ്രവർത്തന രീതിയോ, ആവശ്യകതയോ സംബന്ധിച്ച വിവരങ്ങൾ ഫയലിലില്ല. മേൽ പറഞ്ഞ പരാമർശങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/27.5.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിഭാവനം ചെയ്തതിന് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിനാൽ 193655/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

1) സാമൂഹ്യ സുരക്ഷാമിഷന് സംഭാവനയായി ബ്ലോക്ക് പഞ്ചായത്ത് നൽകിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
പദ്ധതി നം.2/19-20

അടങ്കൽ/ചെലവ് : 7,50,000/-

ബിൽ നം. 342782/15.07.2019

സ.ഉ.(സാധാ)നം.1209/2013/ത.സ്വ.ഭ.വ തീയതി.6.5.2013 പ്രകാരം സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്. എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല.

2)പദ്ധതി നം. 83/19-20

ബിൽ നം. 713500/21.10.2019

തുക. 42,535/-

ഐ.കെ.എം ന് നൽകിയ മേൽ പറഞ്ഞ തുകക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

1-18 ലൈഫ് ഭവന പദ്ധതി -അധിക വിഹിതം - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നം.5/19-20

അടങ്കൽ : 7074556/-

ചെലവ് : 6841486/-

നിർവ്വഹണം: സെക്രട്ടറി.

| ക്രമ നം. | ബിൽ നം, തീയതി | തുക |
|---|---|---|
| 1 | 100401719,29/7/19 | 4146936/- |
| 2 | 100486442,22/8/19 | 884550/- |
| 3 | 100724531,23/10/19 | 1810000/- |
| | ആകെ | 6841486/- |

താഴെ ചേർത്ത ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ച് ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ പട്ടികയുടെ അടിസ്ഥാനത്തിലാണ് മേൽ ക്രമ നം 1 പ്രകാരമുള്ള ബിൽ തുക അനുവദിച്ചിട്ടുള്ളത്.

| പഞ്ചായത്തിന്റെ പേര് | തുക |
|---|---|
| നായരമ്പലം | 454850/- |
| ഞാറക്കൽ | 180460/- |
| കുഴുപ്പിള്ളി | 890000/- |
| എടവനക്കാട് | 861626/- |
| പള്ളിപ്പുറം | 1760000/- |
| ആകെ | 4146936/- |

എന്നാൽ ശേഷിക്കുന്ന രണ്ട് ബില്ലുകളിലും ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/27.5.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ക്രമ നം. 2, 3 എന്നിവയിലെ ബില്ലുകളുടെ ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ പ്രസ്തുത ഇനത്തിലെ ചെലവുകൾ (884550+1810000=2694550/-രൂപ) ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

### 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | തുക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 3-4 | 10675 | പുതുവൈപ്പ് പട്ടികജാതി പട്ടികവർഗ വ്യവസായ സഹകരണസംഘം കൃഷിപ്പാടം ആഴം വർദ്ധിപ്പിക്കുന്നത് | തുക അടവാക്കാൻ ശേഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | 3-5 | 85000 | കൃഷിസമാജങ്ങൾക്ക് യന്ത്രോപകരണം | " |
| | 3-6 | 18750 | മുനമ്പം ഗവ.ആശുപത്രി സൗകര്യം വർദ്ധിപ്പിക്കൽ | " |
| | 3-7 | 43750 | മാലിപ്പുറം സി എച്ച് സി സൗകര്യം വർദ്ധിപ്പിക്കൽ | " |
| 2007-08 | 3-9 | 7581 | നായരമ്പലം ഗ്രാമ പഞ്ചായത്ത് വാർഡ് 9 എസ്.സി കോളനി സാംസ്കാരിക നിലയം ടൈൽ വിരിച്ചതിന് അധിക നിരക്ക് | " |

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഓഡിറ്റ് വർഷം ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,28,79,802 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,22,20,982 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3528471 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-12(1) | 4,872 | ഡോ ശ്രീകുമാരി.ബി.എസ് മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 5എ സ്കൈലൈൻ ബിലെയർ പനമ്പിള്ളി നഗർ എറണാകുളം പിൻ-682036 |
| 1-12(2) | 2,36,141 | ഡോ ശ്രീകുമാരി.ബി.എസ് മെഡിക്കൽ ഓഫീസർ സി.എച്ച്.സി | '' |
| 1-13 | 3,99,253 | ഡോ ശ്രീകുമാരി.ബി.എസ് മെഡിക്കൽ ഓഫീസർ സി.എച്ച്.സി | '' |
| 1-16 | 1,93,655 | ശ്രീമതി ശ്രീദേവി.കെ.നമ്പൂതിരി സെക്രട്ടറി,വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | തൈക്കാട്ട് മനയ്ക്കൽ തൈക്കാട്ടുശ്ശേരി ചേർത്തല, ആലപ്പുഴ |
| 1-18 | 26,94,550 | ശ്രീമതി ശ്രീദേവി.കെ.നമ്പൂതിരി സെക്രട്ടറി,വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | '' |
| ആകെ | 35,28,471 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ഡോ ശ്രീകുമാരി.ബി.എസ് മെഡിക്കൽ ഓഫിസർ സി.എച്ച്.സി | മെഡിക്കൽ ഓഫിസർ,സി.എച്ച്.സി, ഞാറയ്ക്കൽ | 5എ സൈ്കലൈൻ ബിലെയർ പനയംപിള്ളി നഗർ എറണാകുളം പിൻ-682036 |
| 2 | ശ്രീമതി ശ്രീദേവി.കെ.നമ്പൂതിരി സെക്രട്ടറി,വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി,വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | തൈക്കാട്ട് മനയ്ക്കൽ തൈക്കാട്ടുശ്ശേരി ചേർത്തല, ആലപ്പുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 &1998-99 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13 |
| 1999-2000 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2000-01&2001-02 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2002-03 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2003-04 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13 |
| 2004-05 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2005-06 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2006-07 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2007-08 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2008-09 | എൽ.എഫ്.ഇ(ബി.പി.2) 734/13 , 13.6.13 |
| 2009-10 | എൽ.എഫ്.ഇ.(ബി.പി.2) 326/12 , 13.9.12 |
| 2010-11 | എൽ.എഫ്.ഇ.(ബി.പി.2) 2175/13 , 6.3.14 |
| 2011-12 | എൽ.എഫ്.ഇ. (ബി.പി.2) 2175/13 , 6.3.14 |
| 2012-13 | എൽ.എഫ്.ഇ. (ബി.പി.2) 262/2014 /15.3.14/ 11.4.14 |
| 2013-14 | എൽ.എഫ്.ഇ. (ബി.പി.2)225/ 2015/ 11.2.15/8.4.15 |
| 2014-15 & 2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി.)1597/2016,1.10.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(ബി.പി.)1429/2019/ 03.12.2020 |
| 2017-18 | നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)280/2020/ 03.12.2020 |
| 2018-19 | നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)198/2020/ 04.11.2020 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്